dismiss him with the remark "തൊട്ടിയിൽ കിട്ടിയതു കട്ടയോളം.' What he gained in the cradle of the bar will stand him in good stead. He could argue well whichever side has entrusted to him. ആരാണുപറഞ്ഞതു്.. ഇപ്പോൾ ഇൻകംടാക്സിനു വച്ചിട്ടുള്ളിടത്തോളം ഇതിനു വയ്ക്കണ്ടതാണെന്നു്.

Mr. K. S. Manickam *(Irinjalakuda).*—On a point of order. Can a member speak both in English and Malayalam?

Mr. A. Eachara Menon *(Chittur Rural).*—My idea was only that the tax should be collected according to the mode which is followed in the case of income-tax, not at the rate in which it is collected. The Member for Vyttila has not understood the question. I withdraw the resolution.

Resolution was by leave withdrawn.

2. Reduction of wages.

മിസ്റ്റർ വി. കെ. കുട്ടി *(Muslims).*— "ഗവമ്മെൻറിന്റെ റജിസ്റ്റർ ചെയ്തിട്ടുള്ള കമ്പനികളിലും ലൈസൻസുമൂലം വ്യാപാരംനടത്തിവരുന്ന പ്രവൃത്തിശാലകളിലും തൊഴിലെടുത്തു ജീവിക്കുന്ന തൊഴിലാളികളുടെ നടപ്പിലിരിക്കുന്ന ക്രൂലിനിരക്കുകൾ ഗവമ്മെൻറനുവാദംക്രൂടാതെ യാതൊരുവിധത്തിലും കുറവുചെയ്യുവാൻ പാടില്ലെന്നു വിവരിക്കുന്ന ഒരു വിളംബരം അടിയന്തിരമായി പ്രസിദ്ധംചെയ്യണമെന്നു് ഈ കൗൺസിൽ മഹാരാജാവുതിരുമനസ്സിലെ ഗവമ്മെറിനോടു ശുപാർശചെയ്യുന്നു" ഇതാണു എന്റെ പ്രമേയം.

മിസ്റ്റർ പ്രസിഡൻറു്. സർ, നാട്ടിന്റെ നാനാഭാഗങ്ങളിലും തൊഴിൽമുടക്കുമൂലം നടന്നുകൊണ്ടിരിക്കുന്ന വ്യസനകരമായ സംഭവങ്ങൾ ഗവമ്മെൻറിനേയും നാട്ടുകാരേയും ഒരുപോലെ വേദനപ്പെടുത്തിക്കൊണ്ടിരിക്കുന്ന ഒരു സംഗതിയാണെന്നു ഞാൻ പ്രത്യേകം പറയേണ്ടതില്ല. തൊഴിൽ ചെയ്യുന്നവർക്കു ന്യായമായി ലഭിക്കേണ്ടതായ ക്രൂലിനിരക്കു് ഇന്നു ലഭിക്കുന്നില്ലെന്നു് തീർച്ചയായും എല്ലാവർക്കും അറിവുള്ളതാണു്. അർദ്ധപട്ടിണിയിൽ കഴിഞ്ഞുകൂട്ടുവാൻപോലും സാധിക്കാത്ത ഒരു നിരക്കാണു ഇന്നു ഇവിടെ നടപ്പിൽ ഇരിക്കുന്നതു്. എന്നാൽ ഈ നിരക്കുപോലും തുടർന്നുകൊണ്ടുപോകുവാനുള്ള സന്നദ്ധത ഇന്നത്തെ തൊഴിൽഫാക്ടറി ഉടമസ്ഥന്മാർക്കു ഉള്ളതായികാണുന്നില്ല. അതുകൊണ്ടാണു ഇങ്ങിനെയുള്ള ഒരു പ്രമേയംമൂലം ഗവമ്മെൻറിന്റെ ദൃഷ്ടിയിൽ കൊണ്ടുവരുവാൻ നിർബന്ധിതനായതു്. നേരെമറിച്ചു ക്രൂലിനിരക്കു ക്രിപ്പപ്പെടുത്തണമെന്നുള്ള ഒരു പ്രമേയമാണു ഞാൻ അവതരിപ്പിച്ചിരുന്നതെങ്കിൽ ഒരുപക്ഷെ ഗവമ്മെൻറിനു നിർവ്വഹിക്കുവാൻ കഴിവില്ലെന്നു പറയുന്നതു ന്യായമായി വരുന്നതാണു്. എന്തുകൊണ്ടെന്നാൽ ഓരോ തൊഴിൽശാലകളിലും വിവിധമായ നിരക്കുവച്ചു് ക്രൂലികൊടുത്തുവരുന്നതുകൊണ്ടു് അതു ക്രിപ്പപ്പെടുത്തിയുള്ള നിയന്ത്രണം പ്രയാസമായി വന്നേക്കും. ഈ

LIBRARY ARCHIVES Kerala Legislative Assembly

പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനു ഒരു വലിയ സ്റ്റാഫും പണച്ചിലവും വേണ്ടിവരുന്നതാണു്. സാധുക്കളായ തൊഴിലാളികളിൽനിന്നു് പ്രത്യേകം വരുമാനങ്ങൾ ഗവൺമെന്റിനു ലഭിക്കാത്തതുകൊണ്ടു് ആ ഇനത്തിൽ വരുമാനമില്ലെന്നു കാരണമുപേക്ഷിച്ചു ഗവൺമെന്റിനു അതു പ്രവൃത്തിരൂപത്തിൽ കൊണ്ടുവരുവാൻ നിവൃത്തിയില്ലെന്നു പറയുമെന്നു് എനിക്കു വിശ്വാസമുണ്ടു്. അതുകൊണ്ടാണു് ഗവൺമെന്റിനു പണച്ചിലവും, ബുദ്ധിമുട്ടും ക്രൂരത്ത നിലയിലുള്ള ഒരു പ്രമേയം ഇവിടെ കൊണ്ടുവരുവാൻ ഞാൻ നിർബന്ധിതനായിത്തീർന്നതു്. തൊഴിൽമുടക്കിന്റെപേരിൽ ഇവിടെ നടക്കുന്ന പ്രക്ഷോഭണങ്ങൾ ഗവൺമെന്റിനേയും നാട്ടുകാരേയും ഒരുപോലെ അലട്ടിക്കൊണ്ടിരിക്കുന്നുണ്ടു്. ഗവൺമെന്റു് പരമാർത്ഥത്തിൽ തൊഴിലാളികളെ മർദ്ദിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയല്ല പെരുമാറുന്നതു് എന്നുള്ളതു് നാട്ടുകാരായ ഞങ്ങൾക്കെല്ലാവർക്കും അറിയാം. സമാധാനലംഘനം ഉണ്ടാകുമ്പോൾ ഗവൺമെന്റിനു അതിൽ പ്രവേശിക്കേണ്ടതായിവരും. ആ അവസരത്തിൽ മുതലാളി ചെയ്തതൊ, തൊഴിലാളി ചെയ്തതൊ ഏതാണു ശരിയെന്നു നോക്കുവാനുള്ള സമയവും സന്ദർഭവും ഗവൺമെന്റിനു ലഭിക്കുകയില്ല. അങ്ങിനെ സന്ദർഭവും സമയവും നോക്കാതെ മർദ്ദനമനുഭവിക്കേണ്ടിവരുന്ന സാധുതൊഴിലാളികൾക്കു എന്തെങ്കിലും ഒരു രക്ഷ ആവശ്യമല്ലേ എന്നാണു ഞാൻ ചോദിക്കുന്നതു്. ഒരു നിയമം ക്രൂരതെ ഇതുകളെ നിയന്ത്രിക്കുവാൻ സാധിക്കയില്ലെന്നതു് ബഹുമാനപ്പെട്ട ഏക് സൈസ്സ് മെമ്പർ അവർകളുടെ ഇന്നലത്തെ മറുപടിയിൽനിന്നു് ഈ ഹൌസ് മനസ്സിലാക്കീട്ടുണ്ടു്. ബീടിതൊഴിലാളികളുടെ ക്രൂലി കുറച്ചതിനെസംബന്ധിച്ചു അവരുടെമേൽ നടപടി നടത്തുന്നതിനു ലൈസൻസിൽ അധികാരമില്ലാത്തതുകൊണ്ടു യാതൊന്നും ചെയ്യുവാൻ നിവൃത്തിയില്ലെന്നാണു ബഹുമാനപ്പെട്ട ആ മെമ്പർ ഇവിടെ പറഞ്ഞതു്. ലൈസൻസു കൊടുക്കുമ്പോൾ അതു് ഇന്നിന്ന വ്യവസ്ഥകളോടുകൂടി നിർവഹിക്കണമെന്നു ലൈസൻസിൽ വിവരിക്കേണ്ടതാണു്. എന്നാൽ ഈ വിവരണത്തിൽ ക്രൂലിനിരക്കിനെക്കുറിച്ചു ഒന്നും ഇല്ലെന്നു പറയുന്നതു് പരമാർത്ഥവുമാണു്. സങ്കടം അനുഭവിക്കുന്ന സന്ദർഭങ്ങളിൽ വ ണ ര ണയായി വരുമ്പോൾ, അല്ലാ, ഗവൺമെന്റിന്റെ ഭാഷയിൽ പറയുകയാണെങ്കിൽ വ ണ, ര ണ ക്രൂലിനിരക്കുണ്ടായിരുന്നതു് ര ണയായിത്തീർന്നപ്പോൾ അവർക്കുള്ള മനോവേദനയും സങ്കടവും പറയേണ്ട സ്ഥാനത്തു് പറഞ്ഞു. നിയമവും, രൂപം അവർക്കറിഞ്ഞുകൂടാ. അവർക്കറിയാമായിരുന്നെങ്കിൽ ഇന്നു് ഗവൺമെന്റിന്റെ അടുക്കൽ ആക്ഷേപമല്ല, അതിനുള്ള പരിഹാരം അവർതന്നെ അന്വേഷിക്കുമായിരുന്നു. ഗവൺമെന്റുമെമ്പരുടെ മറുപടിയിൽനിന്നു ഇതിനു ഒരു നിയന്ത്രണം അത്യാവശ്യമാണെന്നവരുന്നുണ്ടു്. ആ നിയന്ത്രണം ഏതു രൂപത്തിൽ ആയിരിക്കണമെന്നുള്ളതാണു് ഇവിടെ പര്യാലോചിക്കേണ്ടിയിരിക്കുന്നതു്. ഗവർമ്മെൻറിൽ റജിസ്റ്റർ ചെയ്തിട്ടുള്ള കമ്പനികളിലും, ലൈസൻസ്

LIBRARY ARCHIVES Kerala Legislative Assembly

മൂലം വ്യാപാരം നടത്തിവരുന്ന പ്രവൃത്തിശാലകളിലും തൊഴിലെടുക്കുന്ന തൊഴിലാളികൾക്ക് ക്രമിക്കുറവു വരാതെയുള്ള സഹായം ചെയ്യണമെന്നാണ് എനിക്കപേക്ഷിക്കാനുള്ളത്. രജിസ്റ്റർ ചെയ്തിട്ടുള്ള കമ്പനികളുടെ പേരും അതിന്റെ പ്രവൃത്തികളും ഗവർമ്മെൻറിനറിയാം. പലതരത്തിലുള്ള ഉദ്യോഗസ്ഥന്മാർ കമ്പനിറഗുലേഷനനുസരിച്ചു ഫാക്ടറികൾ പരിശോധിക്കുവാൻ പോകേണ്ടതായിട്ടുണ്ട്. അങ്ങിനെയുള്ള സന്ദർഭങ്ങളിൽ അവിടെയുള്ള ക്രമിനിരക്കിനെപ്പറ്റി മനസ്സിലാക്കുന്നതിനും അതോടുകൂടി ഒരു നിയന്ത്രണം വരുത്തുന്നതിനും സൗകര്യമായിത്തീരും. ഓരോ കമ്പനിയിലും നടപ്പിൽ ഇരിക്കുന്ന ക്രമിനിരക്കുകൾ ഓരോ സെക്ഷനായിത്തിരിച്ചു ഗവർമ്മെറിനു ഒരു ലീസ്റ്റ് ആവശ്യപ്പെടാവുന്നതും, അതു ഗവർമ്മെൻറിനു അവർ അയച്ചുതരുന്നതുമാണ്. അങ്ങിനെ കിട്ടുന്ന ലിസ്റ്റ് സൂക്ഷിക്കുന്നപക്ഷം ഇതിനെസംബന്ധിച്ചുള്ള സംഗതികൾ മനസ്സിലാക്കുന്നതിനു യാതൊരു ബുദ്ധിമുട്ടുംനേരിടുന്നതല്ല. നടപ്പിൽ ഇരിക്കുന്ന ക്രമിനിരക്കു കുറക്കുവാൻ കമ്പനിക്കാർ നിർബന്ധിക്കുമ്പോൾ അതു പാടില്ലെന്നു പറയുന്ന അർത്ഥമല്ല എന്റെ പ്രമേയത്തിലുള്ളതു; അതു ഗവമ്മെൻറിന്റെ അനുമതിയോടുകൂടിമാത്രമേ പാടുള്ളൂ എന്നാണു ഞാൻ പറയുന്നതു്. ഏതെങ്കിലും ഒരു കമ്പനി അതിന്റെ പ്രവർത്തനംകൊണ്ടു് നഷ്ടമായി പരിണമിക്കുമ്പോൾ ക്രമിനിരക്കുകുറക്കുവാൻ അവർ നിർബന്ധിതരായിത്തീരുന്നു. അങ്ങിനെയുള്ള ക്രമിനിരക്കുകുറക്കൽ വരുമ്പോഴും പ്രക്ഷോഭണം ഉണ്ടാകാറുണ്ടു്. നേരെമറിച്ചു അതു ഗവമ്മെൻറിന്റെ ദൃഷ്ടിയിൽപെടുത്തുകയും അതിനെപ്പറ്റിയുള്ള അന്വേഷണം നടത്തുകയും ഗവമ്മെൻറു ഒരു വിധി പുറപ്പെടുവിക്കുകയും ചെയ്യുകയാണെങ്കിൽ തൊഴിലാളികൾക്കും നാട്ടിലുള്ള പൊതുജനങ്ങൾക്കും സമാധാനത്തിനു കാരണമായിതീരുന്നതായിരിക്കും. ഒരു തൊഴിൽമുടക്കു വരുമ്പോൾ ഗവമ്മെൻറിന്റേയും, മുതലാളിമാരുടേയും നേരെ തൊഴിലാളികൾക്കും നാട്ടിനും വലുതായ ക്ഷോഭമുണ്ടായിത്തീരുന്നു. എന്തുകൊണ്ടെന്നാൽ ഈ തൊഴിൽമുടക്കുകൾക്കെല്ലാം കാരണം മുതലാളികളുടെ വിവേകമില്ലായ്മ മൂലമാണെന്നു അവർ ധരിച്ചുപോകുന്നു. തൊഴിലാളികൾ പട്ടിണിമൂലം സമാധാനലംഘനത്തിനു പ്രേരിതരായിത്തീരുന്നു. അപ്പോൾ ഗവമ്മെൻറു അതിൽ പ്രവേശിക്കുന്നു. ആ അവസരത്തിലും ഗവമ്മെൻറിനെപ്പറ്റിയാണു് നാട്ടുകാർ തെറ്റിധരിക്കുന്നതു്. ഇങ്ങിനെയുള്ള ആപൽക്കരമായ സംഭവങ്ങൾ നാട്ടിൽ ഉണ്ടാകാതിരിക്കുന്നതിനു ചില നിയന്ത്രണങ്ങൾ അത്യാവശ്യമാണു്. ഈ നിയമത്തിന്റെ പ്രവർത്തനരീതി എനിക്കു വിവരിക്കേണ്ട ആവശ്യമില്ല. ഗവമ്മെൻറിനു നിയമപരിജ്ഞാനമുള്ള അനേകം മെമ്പർമാർ ഉള്ളതുകൊണ്ടു് അവർക്കു ഏതുവിധത്തിലും അതു നിർവഹിക്കാൻ സാധിക്കുമെന്നാണു് എന്റെ പൂർണ്ണമായ വിശ്വാസം. വേണ്ടിവന്നാൽ ഒരു പ്രത്യേകചിലവുകൂടാതെ നിർവ്വഹിക്കാനുള്ള വഴികൾ നിർദ്ദേശിച്ചുതരാനും ഞങ്ങൾ ഒരുക്കമാണു്. ഏതായാലും ഇതിനെപ്പറ്റി ഗവമ്മെൻറു ആലോചിച്ചു

LIBRARY ARCHIVES Kerala Legislative Assembly

സാധുക്കളായ തൊഴിലാളികളുടെ ക്ലേശനിരക്കു വിഷയത്തിൽ ഒരു നിയന്ത്രണം വരുത്തണമെന്നു അപേക്ഷയോടുകൂടി ഞാൻ ഈ പ്രമേയത്തെ അവതരിപ്പിച്ചുകൊള്ളുന്നു.

Mr. A. V. Moothedan *(Chalakkudi).*—I second this motion. I cannot subscribe to all that has been stated by my Hon'ble friend. I wish to bring one point to the notice of the House, and that is about the grievance of the beedi makers of the Mukundapuram taluk. Till last year in the Mukundapuram Taluk there was no monopoly system. There were several licensees. Now the whole thing has been given to a single individual. As a result of this the beedi makers say that their wages and days of work have been reduced. Instead of 6 days, they get now 4 days' work. Instead of the 8/- as. that they were getting they are now getting only 4 annas. Some relief should be given to these people. I have recieved a petition to the effect that the Goverment should interfere. It says that foreign beedies are dumped in our market thereby reducing employment which means loss of work to the labourers here. The Palghat beedies are dumped into our market so that our beedies could not be sold. That is their primary grievance. The Palghat beedies and our beedies are the same. There is no difference. If you want samples I shall give you.

Mr. K. Ayyappan *(Ezhuvas South).*—The Government should place some restrictions on the import of Palghat Beedies.

Mr. P. J. George *(Offg. Excise Commissioner).*—Under the license they can import beedies. That would be an obstacle in the way of free trade.

Mr. A. V. Moothedan *(Chalakkudi).*—That is the old theory. Those days are gone.

Mr. P. J. George *(Offg. Excise Commissioner).*—The Hon'ble Member is entirely mistaken. The A class licensees are only interested in the import of beedies from Palghat. It is only just to satisfy the demands of those people who demand R. V. G. Beedies. It is only in small quantities that they import these beedies. Some people are very particular in having R. V. G. Beedies. For that purpose he must have all kinds of beedies in his stock.

മിസ്റ്റർ കെ. അയ്യപ്പൻ *(Ezhuvas South).*—ഗവർമ്മെൻറിന് ബ്രിട്ടീഷിൽനിന്നും വരുത്തുന്ന ബീഡി തടയുവാൻ നിവൃത്തിയില്ലെ?

LIBRARY ARCHIVES Kerala Legislative Assembly

Mr. A. V. Moothedan (*Chalakkudi*).—My information is that the Government can impose some restrictions on the import of beedies from British India. The Chukka is the same in all the beedies.

Mr. P. J. George (*Offg. Excise Commissioner*).—It is just like asking for colonial Brandy when you have obean arrack here.

Mr. K. M. Kunhi Moideen (*Kattur*).—What is the objection for the Government in fixing a minimum wage for this special industry?

Mr. P. J. George (*Offg. Excise Commissioner*).—Where is the necessity? They are getting a sufficient allowance.

Mr. K. M. Kunhi Moideen (*Kattur*).—Because there are several complaints.

Mr. P. J. George (*Offg. Excise Commissioner*).—Certain B. class licensees instigated these beedi makers to make a complaint, because of the fact that they were not able to fetch some shops for themselves.

Mr. K. M. Kunhi Moideen (*Kattur*).—Has there been a reduction in the wages?

Mr. P. J. George (*Offg. Excise Commissioner*).—Now there is no reduction.

Mr. K M. Kunhi Moideen (*Kattur*).—Was there a reduction at any time.

Mr. P. J. George (*Offg. Excise Commissioner*).—For a few days there was a reduction of 6 pies. It was in the interests of the beedi makers themselves. Otherwise they would have been out of work for some time. The licensees wanted to maintain them.

Mr. K. M. Ibrahim (*Cranganur*).—The Hon'be Member was saying at question time that some reductions has been made in the wages at Karuapadana Irinjalakuda and Chalakkudy?

Mr. P. J. George (*Offg. Excise Commissioner*).—The reduction was made only in Chalakkudy.

Dr. A. R. Menon (*Pallippuram*).—I want to know from the Government whether there is any Schedule prescribing "ന ടപ്പിലിക്കണ കൂലിനിരക്കുകൾ".

LIBRARY ARCHIVES Kerala Legislative Assembly

Mr. Thomas Manjuran *(Government Advocate and Law Officer).*—It is not anywhere in India.

മിസ്റ്റർ ഏ. നാരായണമേനോൻ *(Vyttila).*—സർ, ഈ പ്രമേയം കൊണ്ടു ഉദ്ദേശിക്കുന്ന ഗുണമുണ്ടാകുമോ എന്ന സംശയമാണ്. നടപ്പിലിരിക്കുന്ന കൂലിനിരക്ക് എന്താണന്ന പ്രമേയകർത്താവുതന്നെ പറഞ്ഞിട്ടില്ല. നടപ്പിലിരിക്കുന്ന കൂലിക്കുതന്നെ ക്ലിപ്തമില്ലാത്ത സ്ഥിതിക്കു അതു ക്രമീകരിക്കുവാൻ ഗവർമ്മെൻറിന്ന് ഒരു നിയമമുണ്ടാക്കുവാൻ സാധിക്കുമോ എന്നാണ് ആലോചിക്കേണ്ടതു്. ഇപ്പോൾ പലടിക്കിലും പല കൂലിനിരക്കുകളുണ്ട്. ഇന്നത്തെ കൂലിയല്ല നാളെ ഉണ്ടാകുന്നതു്. അതുകൊണ്ടു നടപ്പിലിരിക്കുന്ന കൂലിനിരക്കു കുറവുചെയ്യാൻ പാടില്ലെന്ന ഒരു വിളംബരം വരുന്നതുകൊണ്ടു ഒരു ഗുണവും വരുവാനില്ല. എന്നാൽ ട്രെയിഡ് യൂണിയൻകൊണ്ടു നമുക്കു ചിലതെല്ലാം സാധിക്കാമെന്നാണ് എനിക്കു തോന്നുന്നതു്. ട്രെയിഡ് യൂണിയൻ വന്നാൽ ഒരു തോതിൽ, താഴ്ന്നകൂലി കുറക്കുവാൻ പാടില്ലെന്നു നിർബന്ധിക്കുവാൻ കൂലിക്കാർക്കുതന്നെ സാധിക്കും. ആ വഴിക്കു പ്രവൃത്തിക്കണമെന്നാണു ഞാൻ അനുദ്യോഗസ്ഥപക്ഷത്തോടു് ഉപദേശിക്കുന്നതു്. ഇപ്പോൾ ഈ പ്രമേയം അല്ല വേണ്ടതു്. നാട്ടുകാരുടെ ഇടയിൽ പ്രചരണവേല നടത്തി ട്രെയിഡ് യൂണിയൻ ഉണ്ടാക്കാനാണു ശ്രമിക്കേണ്ടതു്. എന്നിട്ടു് നിയമത്തിനു ശ്രമിച്ചാൽ നന്നായിരിക്കും.

മിസ്റ്റർ കെ. അയ്യപ്പൻ *(Ezhuvas South).*— സർ, കൂലിനിരക്കിനെ നിയന്ത്രിക്കുന്നതിനെപ്പറ്റി വാദിക്കുവാൻ വളരെ എളുപ്പമാണെങ്കിലും ഈ വക നിയമനിർമ്മാണം ഇപ്പോൾ ഇവിടെ സാദ്ധ്യമല്ലെന്നാണു എനിക്കു തോന്നുന്നതു്. ബീടിയുടെ കായ്ക്കുതന്നെ എടുക്കുക. ഇവിടെ കൂലി കുറച്ചുകഴിഞ്ഞാൽ പാലക്കാട്ടുനിന്നും കുറഞ്ഞ നിരക്കിന്ന് ബീടി ഇവിടെ കൊണ്ടുവന്നു ഇവിടത്തെ വ്യവസായത്തെതന്നെ നശിപ്പിക്കും. ബ്രിട്ടണിലുംമറ്റും കൂലിനിരക്കിനെ നിയന്ത്രിക്കണമെന്നുവച്ചാൽ അവിടെ അതു സാധിക്കും. അവക്കു ഇതിനെസംബന്ധിക്കുന്ന സകല ഫാക്ടറികളേയും കൺട്രോൾ ചെയ്യാനുള്ള അധികാരമുണ്ട്.

മിസ്റ്റർ കെ. നാരായണമേനോൻ *(Registrar of Co-operative Societies).*—ബ്രിട്ടണിൽ ഇല്ല.

മിസ്റ്റർ കെ. അയ്യപ്പൻ *(Ezhuvas South).*—അവിടെ ജനറലായിട്ടില്ലെന്നാണോ പറയുന്നതു്?

മിസ്റ്റർ വി. കെ. അച്യുതമേനോൻ *(Director of Industries & Commerce).*— ജനറലായിട്ടില്ല. ചില സ്ഥലത്തുണ്ട്.

മിസ്റ്റർ കെ. അയ്യപ്പൻ *(Ezhuvas South).*—കൊച്ചിയിൽ ഫെഡറേഷൻ വരുന്നകാലത്തു മാത്രമെ ഈ വക സംഗതികൾ സാധിക്കയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ഇതു അങ്ങിനെയുള്ള ഒരു പ്രമേയമാണ്. ഈ കാര്യത്തിൽ കൊച്ചീക്കാർ മാത്രമായാൽ പോര. ക്ഷേത്രപ്രവേശനവും മറ്റും പോലെയുള്ള ഒരു പ്രശ്നമല്ല ഇതു്. ഈ കാര്യത്തിൽ പുറമെയുള്ളവരുമായി സഹകരിച്ചു് പ്രവൃത്തിക്കേണ്ടതായിട്ടുണ്ടു് എന്നു ഓക്കണം. ഞാൻ ഇതു പറയുന്നതുകൊണ്ടു തൊഴിലാളികളുടെ ഗുണത്തിനു് എതിരാണു പറയുന്നതു് എന്നു ചിലർ സംശയിച്ചേക്കാം. എന്നാൽ ഞാൻ തൊഴിലാളികളുടെ ഗുണത്തെ ഓർത്തിട്ടാണു് ഇതു പറയുന്നതു്. സാദ്ധ്യമല്ലാത്തതു സാദ്ധ്യമാകണമെന്നു പറഞ്ഞാൽ സാധിക്കുമോ? സാധിക്കയില്ല. ക്ലേലിനിരക്കു നിയന്ത്രിക്കണമെന്നു പറഞ്ഞാൽ ക്ലേലി കൂട്ടികൊടുക്കാൻ സാദ്ധ്യമല്ല.

വയറിലെ മെമ്പർഅവർകൾ പറഞ്ഞതുപോലെ തൊഴിലാളികളുടെ ഒരു സംഘടനയുണ്ടാക്കിയാൽ ചിലതെല്ലാം സാധിക്കും. ഇതിനുള്ള പ്രായോഗികമായ മാർഗ്ഗങ്ങൾ വയറിലെ മെമ്പർ പറഞ്ഞതാണെന്നാണു് എനിക്കു തോന്നുന്നതു്. ഇതു് അംഗീകരിച്ചുകഴിഞ്ഞാൽ ക്ലേലിനിരക്കു പ്രായോഗികമാക്കുവാൻ സാദ്ധ്യമല്ല. ചില സ്ഥലങ്ങളിൽ വ്യാപാരികളുടെ ആദായം നോക്കാതെ വെറുതെ ക്ലേലി കൂട്ടിക്കിട്ടണമെന്നു പറയും. ഈ വക സംഗതികളെപ്പറ്റി ആലോചിച്ചു് പ്രവൃത്തിക്കണമെന്നാണു് എനിക്കു പറയുവാനുള്ളതു്.

മിസ്റ്റർ കെ. എം. ഇബ്രാഹിം (*Cranganur*).—മിസ്റ്റർ, പ്രസിഡണ്ടു്, സർ, ഈ പ്രമേയത്തിൽ കൂടുതൽ സംഗതി ആവശ്യപ്പെട്ടിട്ടുണ്ടെന്നു ധരിക്കുന്നതു ശരിയായിരിക്കുമെന്നു എനിക്കു തോന്നുന്നില്ല. ഈ പ്രമേയം ബഹുമാനപ്പെട്ട മെമ്പർമാരുടെ ശ്രദ്ധക്കുവേണ്ടി ഇവിടെ ഒന്നുകൂടി വായിക്കാം. "ഗവമ്മെൻറിൽ റജിസ്റ്റർ ചെയ്തിട്ടുള്ള കമ്പനികളിലും ലൈസൻസുമൂലം വ്യാപാരം നടത്തിവരുന്ന പ്രവൃത്തിശാലകളിലും തൊഴിലെടുത്തു ജീവിക്കുന്ന തൊഴിലാളികളുടെ നടപ്പിലിരിക്കുന്ന ക്ലേലിനിരക്കു ഗവമ്മെൻറനുവാദംകൂടാതെ യാതൊരുവിധത്തിലും കുറവുചെയ്യാൻ പാടില്ലെന്നു വിവരിക്കുന്ന ഒരു വിളംബരം അടിയന്തിരമായി പ്രസിദ്ധം ചെയ്യണമെന്നു് ഈ കൌൺസിൽ മഹാരാജാവു തിരുമനസ്സിലെ ഗവമ്മെൻറിനോടു ശുപാർശ ചെയ്യുന്നു". എന്നുപറഞ്ഞതുകൊണ്ടു ഇപ്പോൾ മിനിമം വെച്ചിട്ടുള്ള ക്ലേലിയിൽനിന്നു കുറയരുതു് എന്നു സംഗതിമാത്രമാണു് ഇതിലുള്ളതു്. ഇപ്പോൾ കൊച്ചിരാജ്യത്തു് പ്രധാനമായിട്ടുള്ള വ്യാപാരശാലകളിലും കമ്പനികളിലും റജിസ്റ്റർ ചെയ്തിട്ടുള്ള ഒരു ക്ലേലിനിരക്കുണ്ടു്.

മിസ്റ്റർ കെ. പി. കണ്ണൻ നായർ (*Secretary to Government*).—അങ്ങിനെ ഒരു നിരക്കുണ്ടോ?

മിസ്റ്റർ കെ. എം. ഇബ്രാഹിം (*Cranganur*).—ഇപ്പോൾ ടാറാകമ്പനിയിൽ ക്ലേലിനിരക്കു് എട്ടണയാണെന്നുവയ്ക്കുക.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. പി. കണ്ണൻ നായർ (*Secretary to Government*).—ആണ് എന്നുവെക്കുന്നതെന്തിനാണ്?

മിസ്റ്റർ കെ. എം. ഇബ്രാഹിം (*Cranganur*).—ഇപ്പോൾ കിട്ടുന്ന ക്രൂലിനിരക്കിൽനിന്നും കുറവുവരുത്തണമെങ്കിൽ മഹാരാജാവു തിരുമനസ്സിലെ ഗവമ്മെൻറിന്റെ അനുവാദം വേണമെന്നാണ് ഇതിൽ പറയുന്നതു്. ഇതിലെന്താണു വിരോധം? ഇതിന്റെ പ്രായോഗികവശം നല്ലപോലെ ആലോചിക്കണമെന്നാണു ഞാൻ പറയുന്നതു്. ഗവമ്മെൻറിനു തൊഴിലാളികളും മുതലാളികളും ഒരുപോലെയാണ്. പ്രത്യേക മൂലധനത്തിന്മേൽ ഉറച്ചുനിൽക്കുന്ന വ്യാപാരശാലയുടമസ്ഥന്മാർ വേലക്കാരുടെ ക്രൂലിയിൽ ഒരു പൈ പോലും കുറക്കണമെന്നു വന്നാൽ വ്യാപാരശാലയുടെ സ്ഥിതികൾക്കു് അത്യാവശ്യമാണെന്നു കാണുന്നപക്ഷം ഗവമ്മെൻറിനോടു അനുവാദം വാങ്ങിയതിനുശേഷം മാത്രമെ കുറക്കുവാൻ പാടുള്ളൂ.

മിസ്റ്റർ പി. . ജെ. ജോജ്ജ് (*Commissioner of Excise*).—ഇതിനെ സംബന്ധിച്ചുള്ള എഴുത്തുകുത്തുകൊണ്ടു കാര്യം നടക്കണം. ഗവമ്മെൻറുജോലിയൊന്നും നടക്കരുതു്.

മിസ്റ്റർ കെ. എം. ഇബ്രാഹിം (*Cranganur*).— മറ്റു ജോലികളുടെ ക്രൂട്ടത്തിൽക്കൂടി ഇതും നടത്തണം. അതുകൊണ്ടു് ഈ പ്രമേയത്തെപ്പറ്റി ഗവമ്മെൻറു അനുതാപപൂർവ്വം വീക്ഷിക്കണമെന്നാണു് ഞാൻ പറയുന്നതു്. ബ്രിട്ടീഷിന്ത്യയിൽ വളരെ ഗംഭീരമായ മഹാശയങ്ങളെ വച്ചുകൊണ്ടു ഈ വക സംഗതികളെപ്പറ്റി ചിന്തിക്കാൻ ഒരു ഭീമമായ സംഖ്യ ചിലവിട്ടു് വലിയ വലിയ സാക്ഷികളെ വിസ്തരിച്ചു് ഒരു സർവ്വെ നടത്തീട്ടുള്ള റോയൽ കമ്മിറ്റി റിപ്പോർട്ടു് ഒരു മഹാപ്രമാണമായി നിങ്ങളുടെ മുമ്പിൽ നിലകൊള്ളുന്നുണ്ടു്. ഇൻഡ്യയിൽ പല സ്ഥലങ്ങളിലും തൊഴിലുകളെ നിയന്ത്രിക്കുന്നതിനു ഇതിലും ക്രൂടുതലായ അധികാരം കൊടുക്കണമെന്നാണു് അതിൽ പറഞ്ഞിട്ടുള്ളതു്. ഈ പ്രമേയത്തിൽ പറയുന്നതു വ്യവസായശാലകളിൽ ഇന്നുള്ള ക്രൂലിനിരക്കു കുറക്കണമെങ്കിൽ മഹാരാജാവു തിരുമനസ്സിലെ ഗവമ്മെൻറനുവാദം വേണമെന്നാണു്. അതുകൊണ്ടു് ഇതു അപ്രായോഗികമാണെന്നുമാത്രം പറഞ്ഞുകൊണ്ടു ഇതിന്റെ മാഹാത്മ്യത്തെ ബഹുമാനപ്പെട്ട സഭസ്യർ മറക്കരുതു് എന്നുമാത്രമേ ഞാൻ പറയുന്നുള്ളൂ.

Mr. V. K. Achyuta Menon (*Director of Industries and Commerce*).—Sir, The resolution in effect aims at fixing minimum wages. My Hon. friend who spoke just before me has referred to the section dealing with minimum wages in the Whitley Commission Report. I may point out that the Commissioners have discussed the question of the fixation of minimum wages and they emphasise more than anything else,

LIBRARY ARCHIVES Kerala Legislative Assembly

the practical difficulties in India that will be met with in enforcing any decree to that effect. Of course, they have pointed out one or two trades where an attempt may be made to fix minimum wages.

Mr. K. M. Ibrahim *(Cranganur)*.—Is not one of them the Beedi Industry?

Mr. V. K. Achyuta Menon *(Director of Industries and Commerce)*— . . . . . .and one of them is beedi making. But the Hon. Member has not exactly gone through all the details of the report in regard to this. There are in several parts of India children and purdah women employed in the manufacture of beedies and in such places the Commissioners suspect whether it is not a 'sweated' industry and whether it will not be possible to prescribe certain minimum wages for this trade in those areas. Now, the general resolution that has been moved by the Hon. Member and the particular discussion which followed it on the question of beedies have helped me with reasons to oppose the resolution. The resolution generally wants Government to fix wages in Factories organised as Companies and in licensed work-shops. From the discussion on beedi it would be plain, that, if we were to fix wages, I am sure, we would be going against the contentions of the Hon. Member for Chalakudy who wants the wages of the beedi workers to be increased. That goes to show that this is not an easy question. And if Government were to take any action to fix wages it will be arbitrary. Before any wages are fixed we have to study the conditions of the industry and the standard of living of the workers special to it, as also that of the workers in other trades. Then only can we come to any conclusion regarding the fixing of wages. Suppose we have fixed wages in the industrial establishments, referred to in the resolution. Is it possible for Cochin to follow it up? Cochin is only a speck on the map of India. As my Hon. friend Mr. Ayyappan puts it, it is not possible for Cochin to take any independent action on this. It will have a killing effect on industries in Cochin. I can give you an example. If I remember correct, it was in 1907 that an export duty was imposed on Copra by the Travancore Government. As this affected the cost of production of oil in Cochin there was a shifting of oil mills from Cochin to Shertalai. When there is difference in the cost of production it will be impossible for Cochin to sell goods outside and there will be import of commodities into Cochin with which Cochin products may not be in a position to compete in the home market. For these reasons it is not possible for Government to accept the resolution.

LIBRARY ARCHIVES Kerala Legislative Assembly

But we can make a study of the conditions. Government are not at all unmindful of the conditions of the labourers. Only recently we have passed two or three bills relating to labour. There is the Trade Union Act, there is the Trade Disputes Act. One or two Acts are being prepared to be put into force. One of these is the Payment of Wages Act and after this comes into operation, Government will be in a better position to collect facts and figures. As it stands it is not possible for Government to accept the resolution.

മിസ്റ്റർ കെ. എം. കുഞ്ഞുമൊയ്തീൻ (*Kattur*).—സർ, ഈ പ്രമേയത്തെ അനുകൂലിച്ചവരുടെ ഒരു പ്രധാന ന്യായത്തെ സംബന്ധിച്ചു ബഹുമാനപ്പെട്ട ഇൻഡസ്ട്രീസ് മെമ്പർ സമാധാനം പറഞ്ഞിട്ടുണ്ടെന്നാണ് എന്റെ വിശ്വാസം. ഇപ്പോൾ നിലവിലുള്ള കൂലി മാറണമെന്നുണ്ടെങ്കിൽ അതു ഗവൺമെൻറിന്റെ സമ്മതത്തോടുകൂടി വേണമെന്നാണ് ഈ പ്രമേയംമൂലം ആവശ്യപ്പെട്ടിട്ടുള്ളത്.

മിസ്റ്റർ കെ. അയ്യപ്പൻ (*Ezhuvas South*).—ഇപ്പോഴത്തെ കൂലി മിനിമം ആക്കണമെന്നല്ലേ പറയുന്നത്?

മിസ്റ്റർ കെ. എം ഇബ്രാഹിം (*Cranganur*).—ഗവൺമെൻറനുമതിയോടുകൂടി കുറക്കണമെന്നുണ്ടെങ്കിൽ കുറക്കുകയും ചെയ്യാം.

മിസ്റ്റർ കെ. എം. കുഞ്ഞുമൊയ്തീൻ (*Kattur*).—പരിതസ്ഥിതികളുടെ പ്രത്യേകതയാൽ ഒരു വ്യവസായത്തിന്നു ദോഷം തട്ടുന്നതു പരിഹരിക്കുവാൻ കൂലികുറക്കണമെന്നു ഗവൺമെൻറിന്നു ബോദ്ധ്യം വന്നാൽ അപ്രകാരം ചെയ്യുവാനുള്ള അധികാരം ഈ പ്രമേയം വഴി ഗവൺമെൻറിന്നു ലഭിക്കുന്നുണ്ട്. അല്ലാതെ ക്ലിപ്തമായ ഒരു കൂലി കൊടുക്കണമെന്നുള്ളതു ഈ പ്രമേയത്തിൽ പറഞ്ഞിട്ടില്ല. സങ്കല്പിതങ്ങളും മാത്രമായ ന്യായങ്ങളുംപറഞ്ഞു ഈ പ്രമേയത്തെ എതിർക്കുന്നതിൽ അർത്ഥമില്ല. ബോംബെയിലെ കോൺഗ്രസ്സ് മന്ത്രിസഭ അവിടത്തെ പരുത്തിവ്യവസായികളുടെ കൂലി നിയന്ത്രിക്കുവാൻവേണ്ടി ചില അന്വേഷണങ്ങളും നടത്തിക്കൊണ്ടിരിക്കുന്നു. വാസ്തവത്തിൽ തൊഴിലാളികളുടെ കൂലിക്കാര്യത്തിൽ ശരിയായ അന്വേഷണങ്ങളുംചെയ്തു ഒരു നിയമം സൃഷ്ടിക്കേണ്ടതു പരിഷ്കൃതമായ എല്ലാ ഗവൺമെൻറുകളുടേയും ഒരു മുമതലയാണ്. ഈപ്രമേയം ഉടനെ നടപ്പിൽ വരുത്തിയില്ലെങ്കിലും ഇതിൽ അടങ്ങിയിട്ടുള്ള സംഗതിയെസംബന്ധിച്ചു ചർച്ച ചെയ്യുവാനായിട്ടെങ്കിലും ഉപകരിക്കുമെന്ന നിലയിൽ സ്വീകരിക്കുവാൻ യാതൊരു വിഷമവുമുണ്ടായിരിക്കയില്ലെന്നാണ് എനിക്കു തോന്നുന്നതു.

മിസ്റ്റർ പി. ജെ. ജോജ്ജ് (*Offg. Excise Commissioner*).—ഇതിൽ കൂലികൂട്ടുവാൻ പറഞ്ഞിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എം. കുഞ്ഞുമൊയ്തീൻ (*Kattur*).—ക്ലാസിക്കുട്ടണമെന്നും പറഞ്ഞിട്ടില്ല.

മിസ്റ്റർ കെ. എം. ഇബ്രാഹിം (*Cranganur*).—പ്രമേയം വായിച്ചാൽ ശരിക്കു മനസ്സിലാകും.

മിസ്റ്റർ പി. ജെ. ജോർജ്ജ് (*Offg. Excise Commissioner*).—എന്താണെന്നുവെച്ചാൽ നാളെ കുറെ അധികം ബീടിക്ക് ആവശ്യമുണ്ടെന്നുവെച്ചാൽ അതിലേക്ക് ഗവമ്മെൻറ് അനുവാദം കിട്ടീട്ടുവേണം എന്നുള്ള കാര്യം നടപ്പില്ല.

മിസ്റ്റർ കെ. എം. കുഞ്ഞുമൊയ്തീൻ (*Kattur*).—ഇന്നു നാലണ, മറെന്നാൾ അഞ്ചണ, പിറെന്നാൾ ആറണ ഇങ്ങിനെ ക്ലാസിക്കൊടുക്കാറുണ്ടോ?

അതുകൊണ്ട് ഗവർമ്മെൻറ് ഈ സംഗതിയിൽ ശരിയായ ഒരു അന്വേഷണംചെയ്യു ഈ നാട്ടിലെ പ്രധാനമായ വ്യവസായങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ തൊഴിലിനു ന്യായമായ ക്ലാസി കൊടുക്കത്തക്കവിധത്തിൽ ഒരു നിയമം നടപ്പിൽ വരുത്തണമെന്നും പ്രമേയത്തെ അനുഭവിക്കുന്നതിനും പരിചയത്തിനുമായിട്ടെങ്കിലും സ്വീകരിക്കണമെന്നും അപേക്ഷിക്കുന്നു.

Mr. K. M. Ibrahim (*Cranganur*).—With the leave of the Hon'ble President I may just ask a small question. In the Government contracts in the P. W. D. is there any minimum stipulation regarding wages?

Mr. V. K. Aravindaksha Menon (*Chief Engineer*).—No Schedule rates have been fixed. The wages of coolies are fixed at 6 annas for estimating purposes.

Mr. K. M. Ibrahim (*Cranganur*).—Do the Government insist on the contractors paying this 6 annas?

Mr. V. K. Aravindaksha Menon (*Chief Engineer*).—The contractors may be paying 2 as. or 1 anna. We have no control on that.

Mr. A. Sivarama Menon (*Mulakunnathukavu*).—Is that the uniform rate for the whole State?

Mr. V. K Aravindaksha Menon (*Chief Engineer*).—Yes.

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).—എല്ലാ സംഗതികളിലും പൊതുജനങ്ങളുടെമേൽ സർവ്വവിധ അധികാരങ്ങളും ചെലു

LIBRARY ARCHIVES Kerala Legislative Assembly

ത്തണമെന്ന വിചാരിക്കുന്ന ഗവർമ്മെൻറിന്റെ കയ്യിൽ ഈ സംഗതിക്കു കൂടിഒരു അധികാരം വച്ചുകൊടുക്കുന്നതുകൊണ്ടു് അതു് ഗവർമ്മെൻറിന് അധികാരം കൂടുതൽ ലഭിക്കുന്നതായിട്ടല്ലേ വരുന്നതു്? എത്രത്തോളം അധികാരങ്ങൾ കൂടുതലായി കിട്ടിയാലും മതിയാവാത്ത ഗവർമ്മെൻറിന് ഈ അധികാരവും കൂടി ഇരുന്നുകൊള്ളട്ടെ.

മിസ്റ്റർ വി. കെ. കുട്ടി *(Muslims)*.—ഇന്നു് ഈ പ്രമേയം ഇവിടെ വോട്ടിനിട്ടാൽ അതിന്റെ സ്ഥിതി എത്ര പരിതാപകരമായിരിക്കുമെന്നു് എനിക്കറിയാം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.—ഇതു ഗവർമ്മെൻറു് അംഗീകരിക്കുകയാണെങ്കിലോ?

മിസ്റ്റർ വി. കെ. കുട്ടി *(Muslims)*.—നാട്ടുകാരായ സാധുക്കളുടെ പേരിൽ കരുണയുള്ള ഗവർമ്മെൻറാണെങ്കിൽ അംഗീകരിക്കട്ടെ. അതിനു ഞാൻ ആ സാധുക്കളുടെപേരിൽ നന്ദിപറയുകയും ചെയ്യും.

അനുദ്യോഗസ്ഥ മെമ്പർമാരിൽ ഭൂരിപക്ഷവും ഇവിടെനിന്നും പോയിരിക്കുന്നതുകൊണ്ടും ഉള്ളവർതന്നെ വോട്ടുചെയ്താലും ഉദ്യോഗസ്ഥമെമ്പർമാർ അവരേക്കാൾ കവിഞ്ഞുനിൽക്കുന്നതുകൊണ്ടും ഇതു പാസാകയില്ലെന്നു് എനിക്കറിയാം. അതുകൊണ്ടുമാത്രം ഞാൻ ഈ പ്രമേയത്തിന്റെ വിവരണം ഒന്നുകൂടി ആവർത്തിക്കാമെന്നു വിചാരിക്കുന്നു.

ക്രൂലിനിരക്കു് ക്ലിപ്തപ്പെടുത്തുന്നതു എങ്ങിനെയാണെന്നാണു് ഗവർമ്മെൻറു ഭാഗത്തുനിന്നും ഒരു ചോദ്യമുണ്ടായതു്. അതിനു മറുപടിയായി യൂറോപ്യന്മാർ ഇൻഡ്യ ഭരിച്ചുവരുന്നതെങ്ങിനെ എന്നു ഞാൻ ചോദിക്കുന്നു. അതു് അവരുടെ അന്വേഷണഗതിയുടേയും ബുദ്ധിസാമർത്ഥ്യത്തിന്റേയും ഫലമാണു്. അങ്ങിനെയുള്ള ഒരു അന്വേഷണബുദ്ധിയും സന്നദ്ധതയും നമ്മുടെ ഗവർമ്മെറിനും ഉണ്ടാകുമെങ്കിൽ ഇതെല്ലാം എളുപ്പത്തിൽ നടപ്പിൽ വരുത്തുവാൻ കഴിയുമെന്നാണു് ഞാൻ പറയുന്നതു്. സാധുക്കളെ രക്ഷിക്കുവാനുള്ള ചുമതല ഗവർമ്മെൻറിനുണ്ടെങ്കിൽ, സാധുക്കളേയുംകൂടി ഭരിക്കുന്നുണ്ടെന്നുള്ള വിചാരം ഗവർമ്മെണ്ടിനുണ്ടെങ്കിൽ അങ്ങിനെയുള്ള ഒരു അന്വേഷണത്തിനു ഗവർമെൻറു മുനിയുമെന്നു് എനിക്കു ബോദ്ധ്യമുണ്ടു്. ആ ബോദ്ധ്യത്തെ മുൻനിറുത്തിക്കൊണ്ടാണു ഞാൻ ഈ പ്രമേയം ഇവിടെ കൊണ്ടുവന്നിട്ടുള്ളതു്. ഈ പ്രമേയം ശരിയാംവണ്ണം വായിക്കാതെ, ഇതിനെപ്പറ്റി നല്ലപോലെ മനസ്സിലാക്കാതെ, വേണ്ടത്ര ചിന്തിക്കാതെ ചില ബഹുമാനപ്പെട്ട സമാജികന്മാർ എന്തൊക്കെയോ വ്യാഖ്യാനിക്കയാണു് ഇവിടെ ചെയ്തിട്ടുള്ളതു്. ബീടി തെറുപ്പു് കായ്ത്തെ സംബന്ധിച്ചുള്ള ഒരു അക്ഷരംപോലും എന്റെ പ്രമേയത്തിലില്ല. ലൈസൻസുമൂലം വ്യാപാരം നടത്തുന്നു എന്ന ഒരു പദം ഇതിലുണ്ടു്. അതു ബീടിക്കു മാത്രമല്ല മറെറന്തെല്ലാം വ്യാപാരങ്ങൾ ലൈസൻസുമൂലം നടത്തുന്നുണ്ടോ അതിനെല്ലാം

LIBRARY ARCHIVES Kerala Legislative Assembly

എന്റെ പ്രമേയം ബാധകമാണ്. അതുകൊണ്ട് ബീടി തെറുപ്പ് മാത്രമേ ഇതിൽ ഉൾപ്പെടുകയുള്ളൂ എന്നു വിചാരിക്കരുതു്. ഫാക്ടറികളേയും ഇതു ബാധിക്കും.

ബഹുമാനപ്പെട്ട ഈഴവമെമ്പർ പറഞ്ഞതുപോലെ വളരെ സൂക്ഷിച്ചുവേണം ഗവർമ്മെൻറു് ഈ മാതിരി സംഗതികളിൽ കയ്യിടുവാൻ. കാരണം, ഇതു് സാധുക്കളെ സംബന്ധിക്കുന്ന ഒരു കാര്യമായതുകൊണ്ടു്. കലഹം ഉണ്ടായാൽ മാത്രമേ ഇങ്ങിനെയുള്ള സംഗതികളെക്കുറിച്ചു് ഗവർമ്മെൻറു് അന്വേഷിക്കേണ്ടതുള്ളൂ എന്നുള്ള അഭിപ്രായം ശരിയല്ല.

ബഹുമാനപ്പെട്ട വയറിലെ മെമ്പർ അഭിപ്രായപ്പെട്ടതു് ഇവിടെ ഒരു ടെയിഡ് യൂണിയൻ ഉണ്ടാക്കി ഈ വക കാര്യങ്ങളെല്ലാം നടപ്പിലാക്കണമെന്നാണു്. ഞാൻ അദ്ദേഹത്തോടു ചോദിക്കുന്നു, പൊതുജനപ്രതിനിദ്ധ്യം വഹിച്ചുകൊണ്ടുള്ള അദ്ദേഹത്തിന്റെ ഈ മൂന്നുകൊല്ലക്കാലത്തിന്നിടയിൽ ഒരു ദിവസമെങ്കിലും ഈ മാതിരിയുള്ള സാധുക്കളുടെ കാര്യത്തെപ്പറ്റി എന്തെങ്കിലും ചെയ്യുകയോ, അവരുടെ പൊതുയോഗങ്ങളിൽ ഒന്നിലെങ്കിലും അദ്ധ്യക്ഷം സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോ എന്നു്.

മിസ്റ്റർ എ. നാരായണമേനോൻ (*Vyttila*).—ധാരാളമുണ്ടു്.

മിസ്റ്റർ വി. കെ. കുട്ടി (*Muslims*).—ഒരിക്കലുമില്ല. ഞാൻ അദ്ദേഹത്തെപ്പറ്റി ആക്ഷേപിച്ചു സംസാരിക്കുകയല്ല. അതായതു് അവനവന്റെ സ്വന്തം കാര്യങ്ങൾക്കുവേണ്ടി പ്രവൃത്തിക്കുകയല്ലാതെ ഇങ്ങിനെയുള്ള സാധുക്കളുടെ കാര്യത്തിനുവേണ്ടി പ്രക്ഷോഭണങ്ങൾ നടത്തുന്നവരും അതിൽ സഹകരിക്കുന്നവരും വളരെ കുറവായിട്ടേ കാണുകയുള്ളൂ. അതുകൊണ്ടു് കിട്ടുന്ന സമയംകൊണ്ടു് കഴിയുന്ന സഹായങ്ങൾ ചെയ്യുക എന്നുള്ള പദ്ധതി എടുക്കുവാനേ അധികവും തരപ്പെട്ടുകയുള്ളൂ. ഈ കുറഞ്ഞ സമയംകൊണ്ടു ഇങ്ങിനെയുള്ള സന്ദർഭങ്ങളിൽ പൊതുജനപ്രതിനിധികൾ ചെയ്യാനുദ്ദേശിക്കുന്ന സാധുസേവനങ്ങളെ താങ്ങേണ്ടതും അവരെ പ്രോത്സാഹിപ്പിക്കേണ്ടതും ഗവർമ്മെൻറിന്റെ കർത്തവ്യങ്ങളിൽപ്പെട്ടതാണു്.

ഇവിടെ പാലക്കാടൻ ബീടിയെപ്പറ്റി ഒരു വാദം ഉണ്ടായി. ഞാൻ ഒരു പുകയില വ്യാപാരിയാണു്. എന്റെ പീടികയിൽ ഒരേസമയത്തു് ൪൦ പേരോളം ഇരുന്നു് ബീടി തെറുക്കുന്നുണ്ടു്. പാലക്കാടിയിലെ മാതിരിയാണെങ്കിൽ ഇവിടെ ഏതാണ്ടു ദിവസമൊന്നുക്കു് ആദായമുണ്ടാക്കാം. ഇവർക്കുള്ള കൂലി കുറച്ചു അതുകൊണ്ടു് ആദായം വർദ്ധിപ്പിക്കണമെന്നുള്ള മോഹമില്ല. ഒരിക്കൽ ബീടി തെറുപ്പുകാരുടെ കൂലി കുറച്ചതിനെപ്പറ്റിയുണ്ടായ വഴക്കിന്നു് ഈ എറണാകുളം പട്ടണത്തിൽ സമാധാനം ഉണ്ടാക്കിയതു് ഞാനാണു്. വല്ലതും സമ്പാദിച്ചാൽ മാത്രം

LIBRARY ARCHIVES Kerala Legislative Assembly

മതിയെന്നുണ്ടെങ്കിൽ ഇങ്ങിനെയുള്ള പ്രക്ഷോഭണങ്ങളിലൊന്നിലും ഏർപ്പെടേണ്ട ആവശ്യമേ ഇല്ല. സാധുക്കളുടെ കാര്യം വേണമെന്നുള്ള ആഗ്രഹം ഒട്ടുംതന്നെയില്ല. ഏറണാകുളത്തു് ബീടിക്കുള്ള ലൈസൻസ് ഇപ്പോഴും കൂട്ടീട്ടുണ്ടു്. അതു തോതനുസരിച്ചാണെങ്കിൽ ഇതിലും കൂലി കുറക്കുവാൻ ന്യായം ഇവിടെയുണ്ടു്. പക്ഷേ ഞങ്ങൾ അതു ചെയ്തിട്ടില്ല.

മിസ്റ്റർ പി. ജെ. ജോർജ്ജ് *(Offg. Commissioner of Excise)*.— ഇതു മുമ്പും ഉണ്ടായിരുന്നു.

മിസ്റ്റർ വി. കെ. കുട്ടി *(Muslims)*.— പാലക്കാടൻ ബീടി വരുത്തുന്നതുകൊണ്ടാണു് കൂലി കുറയുവാൻ കാരണമെന്നു പറഞ്ഞതു ന്യായം ശരിയല്ല. ഗവർമെൻറുദ്യോഗസ്ഥന്മാർക്കു് ഈ കാര്യത്തിൽ അതു നിശ്ചയമുണ്ടായിരിക്കയില്ല. അതിനു ഗവർമെൻറിനെ കുറ്റം പറയുന്നുമില്ല. അതിനെപ്പറ്റി അവർ അന്വേഷിച്ചിട്ടുണ്ടായിരിക്കുമെന്നും തോന്നുന്നില്ല. നിവൃത്തിയുണ്ടെങ്കിൽ ഞങ്ങളാരും പാലക്കാടൻ ബീടി വരുത്താറില്ല. ഇവിടെ ൧൦൦൦ ബീടി ഉണ്ടാക്കുന്നതിനു് ൧൫ അണയേ ചിലവുവരുന്നുള്ളൂ. അങ്ങിനെയിരിക്കെ കൂടുതൽ വിലക്കു പാലക്കാടൻ ബീടി വരുത്തുകയില്ല.

മിസ്റ്റർ എ. വി. മൂത്തേടൻ *(Chalakudi)*.—തൃശ്ശൂരിൽ പാലക്കാടൻ ബീടി മാത്രമേയുള്ളൂ.

മിസ്റ്റർ വി. കെ. കുട്ടി *(Muslims)*— ആർ. വി. ജി. ബീടി, ചക്കരപുകയില ഇതെല്ലാം ഇവിടെ പ്രത്യേകം മാക്കുള്ളതാണു്. ഈ നാട്ടിൽ ഉണ്ടാക്കുന്ന ബീടിമാത്രമേ ഇവിടെ ചിലവാകയുള്ളൂവെങ്കിൽ പാലക്കാടൻ ബീടി വരുത്തി നഷ്ടപ്പെടുമോ? ഇവിടെ ഉണ്ടാക്കുന്നതിലും കൂടുതലായി വ്യാപാരനഷ്ടം വരുമെന്നുള്ളതുകൊണ്ടു് പാലക്കാടൻ ബീടി ഞങ്ങൾ വരുത്താറില്ല. അതു വരുത്തിക്കൊള്ളുവാൻ ഗവർമെൻറനുവദിച്ചാൽതന്നെയും ഞങ്ങളാരും വരുത്തുകയില്ല.

അതുകൊണ്ടു് നാട്ടിലുള്ള തൊഴിലാളികൾക്കു രക്ഷയുണ്ടാകണമെന്നുണ്ടെങ്കിൽ ഗവർമെൻറിൻെറ കരുണാപൂർവ്വമായ സഹായമുണ്ടായാൽ മാത്രമേ തരമുള്ളൂ. ഈ കാര്യത്തിൽ ഗവർമെൻറു് എന്തെങ്കിലും ദയാപൂർവ്വം പ്രവൃത്തിക്കാമെന്നു പറഞ്ഞാൽ തരക്കേടില്ല എന്നാണു് ഞാൻ അപേക്ഷിക്കുന്നതു്.

മിസ്റ്റർ പി. ജെ. ജോജ്ജ് *(Offg. Commissioner of Excise)*.— പണ്ടത്തെക്കൂലി കൊടുക്കുന്നുണ്ടു് ഇപ്പോഴും. പിന്നെ എന്താണു വേണ്ടതു്?

മിസ്റ്റർ വി. കെ. കുട്ടി *(Muslims)*.— കൂലിനിരക്കു കുറക്കാതിരിക്കുവാൻ ഒരു നിയമംമൂലം നിയന്ത്രിക്കാമോ എന്നാണു ചോദിക്കുന്നതു്. എന്തായാലും ഈ ഹൌസിൻെറ സ്ഥിതി ഇന്നതാണെന്നു് ഞാൻ പറ

LIBRARY ARCHIVES Kerala Legislative Assembly

ഞ്ഞുകഴിഞ്ഞു. ഏറ്റവും ഭയനീയമായിട്ടാണിരിക്കുന്നത്. അതുകൊണ്ട് ഇതു് വോട്ടിനിട്ട് അലങ്കോലപ്പെടുത്തണമെന്നു വിചാരിക്കുന്നില്ല. ഈ ഹൌസിന്റെ അനുമതിയോടുകൂടി ഞാൻ ഇതിനെ പിൻവലിക്കുന്നു.

Resolution was by leave withdrawn.

Resolutions Nos. 3 to 7 were not moved.

Mr. A. Narayana Menon *(Vyttila).*—I move that the House be adjourned.

Deputy President.—If the House agrees I have no objection. The House now stands adjourned sine die.

The House rose for the day at 4-5 p. m.

B. V. KRISHNANKUTTY MENON,

Secretary to the Council.

LIBRARY ARCHIVES Kerala Legislative Assembly